I/112612/2023

DWCD/4648/2023-A3

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
✆ 0471-2346508, 2346534
ഇ-മെയിൽ: wcdfunds@gmail.com
തീയതി: 23-08-2023

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ്- ഡയറക്ടറേറ്റ്- **നോൺ പ്ലാൻ** -2024-2025 ബജറ്റ് എസ്റ്റിമേറ്റ്സും 2023-24 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്സും തയ്യാറാക്കി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന: CIRCULAR NO.77/2023/Fin. dtd 31.07.2023

2024-2025 ലെ ബജറ്റ് എസ്റ്റിമേറ്റ്സും 2023-24 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്സും BMS (Budget Monitoring System) എന്ന വെബ് ആപ്ലിക്കേഷൻ വഴി വിശദമായ പ്രൊപ്പോസൽ സഹിതം സൂചന പ്രകാരം സർക്കാരിലേക്ക് നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, **നോൺ പ്ലാൻ** ശീർഷകം കൈക്കാര്യം ചെയ്യുന്ന കുപ്പിലെ കീഴ് കാര്യാലയ മേധാവുകളും സ്ഥാപന മേധാവികളും വളരെ കൃത്യതയോടും നിശ്ചിത തീയതിയ്ക്കകവും **നോൺ പ്ലാൻ** ശീർഷകങ്ങളിലെ 2024-2025 ലെ ബജറ്റ് എസ്റ്റിമേറ്റ്സും 2023-2024 ലെ നോൺ പ്ലാൻ ശീർഷകങ്ങളിലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്സും തയ്യാറാക്കി 23/08/2023 നുള്ളിൽ അതാത് ജില്ലാ ഓഫീസർമാർക്ക് നൽകേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ആയത് പരിശോധിച്ച് ക്രോഡീകരിച്ച് ജില്ലാ ഓഫീസിലെ ബജറ്റ് എസ്റ്റിമേറ്റ്സിനൊപ്പം **23.08.2023** ന് മുമ്പായി വനിത ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കീഴ് കാര്യാലയ മേധാവികൾ നൽകുന്ന ബജറ്റ് എസ്റ്റിമേറ്റ് ജില്ലാ ഓഫീസർമാർ പരിശോധിച്ച് **നോൺ പ്ലാൻ ശീർഷകങ്ങളിലെ** 2024-2025 ലെ ബജറ്റ് എസ്റ്റിമേറ്റ്സും 2023-24 ലെ പുതിക്കിയ ബജറ്റ്"എസ്റ്റിമേറ്റ്സും realistic ആയി കണക്കാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ 25.08.2023 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തെറ്റുകളും വിട്ടുപോകലുകളും ഇല്ലാത്ത വിധം തയ്യാറാക്കാൻ എല്ലാ ഓഫീസ് മേധാവികളും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓൺലൈൻ മുഖേന ആണ് ബജറ്റ് തയ്യാറാക്കുന്നത് എന്നുള്ളതിനാൽ യഥാർത്ഥ തുകയേക്കാൾ കുറച്ചോ കൂട്ടിയോ കണക്കാക്കി ബജറ്റ് തയ്യാറാക്കുന്നതും നിശ്ചിത തീയതിക്കുശേഷം മുൻ തീയതി രേഖപെടുത്തി ബജറ്റ് പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ നൽകുന്നതും വ്യക്തി പരമായ ഉത്തരവാദിത്വ ലംഘനമായി കാണുന്നതാണ്. അത്തരം ഓഫീസ് മേധാവികളുടെ കാര്യാലയത്തിലെ എല്ലാവിധ ട്രഷറി ഇടപാടുകളും നിർത്തി വയ്ക്കുന്നതും വരെ ഗുരുതരമായ വീഴ്ചയായി കണ്ട് അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

1) 2023-24 ലെ പുതിക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്

2022-23 ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെ കാണുന്ന വസ്തുതകൾ കണക്കിലെടുത്ത് യഥാർത്ഥ തുകകൾ മാത്രമെ ചേർക്കാൻ പാടുള്ളൂ.

(എ) ഈ സാമ്പത്തിക വർഷത്തിൽ ആദ്യ 4 മാസം ( 2023 ഏപ്രിൽ മുതൽ ജൂലൈ വരെ) ചെലവഴിച്ച തുക

(ബി) ഈ സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന മാസങ്ങളിൽ അത്യാവശ്യം വേണ്ടുന്ന തുക

(സി) മേൽ തുകകൾ കണക്കാക്കുമ്പോൾ എല്ലാ ജീവനക്കാരുടേയും 01-ശമ്പളം (1. ശമ്പളം, ഓണം അഡ്വാൻസ് ഉൾപ്പെടെ, 2. ക്ഷാമബത്ത 3. വീട്ടുവാടക അലവൻസ് 4.മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് 5.അലവൻസുകൾ (സി.സി.എ. എച്ച്.റ്റി.എ. വാഷിംഗ് അലവൻസ്, സ്പെഷ്യൽ അലവൻസ്, ഭിന്നശേഷിയുള്ള ജീവനക്കാരുടെ കൺവെയൻസ് അലവൻസ്, ബോണസ്, ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ അലവൻസുകളും ഓണറേറിയവും)), 02-വേതനം (1. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പളം, 2. ക്ഷാമബത്ത, 3. അലവൻസുകൾ (സി.സി.എ. ഭിന്നശേഷിയുള്ള ജീവനക്കാരുടെ കൺവെയൻസ് അലവൻസ്, ബോണസ് ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ അലവൻസുകൾ). 4. കൺസോളിഡേറ്റഡ് പേ (കാഷ്വൽ സ്വീപ്പർമാരുടേയും കോൺട്രാക്ട് ജീവനക്കാരുടേയും ശമ്പളം) 5.ഡെയിലി വേജസ് 04-യാത്രാ ചെലവുകൾ 1. യാത്രാബത്ത 2. സ്ഥലംമാറ്റ ബത്ത 3. പി.സി.എ/പി.റ്റി.എ. 4. എൽ.റ്റി.സി. എന്നിവ 05 **ഓഫീസു ചെലവുകൾ** 1. വെള്ളക്കരം, 2. വൈദ്യുത ചെലവുകൾ. 3. ടെലഫോൺ ചാർജ്, 4.മറ്റിനങ്ങൾ 06 വാടക, കരം, നികുതി 09-സഹായ ധനം, 10. സംഭാവന 21- മോട്ടോർ വെഹിക്കിൾസ് 2. വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും 24 സാധനങ്ങളും സാമഗ്രികളും, 31-സഹായധനം ശമ്പളം, 34-മറ്റുചെലവുകൾ, 36 സഹായധനം- ശമ്പളേതരം, 45- POL എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്

**2) 2024-25 ബജറ്റ് എസ്റ്റിമേറ്റ്**

(എ) 01: ശമ്പളം 1. ശമ്പളം കണക്കാക്കുമ്പോൾ ഇതോടൊപ്പം നൽകിയിട്ടുള്ള അനക്സർ III ൽ ഏപ്രിൽ മാസത്തെ (നിലവിലുള്ള സ്കെയിലുകളിൽ) ബേസിക് പേ കണക്കാക്കി തയ്യാറാക്കേണ്ടതാണ്. ഗവ. ഉത്തരവുള്ളതും ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നതുമായ തസ്തികകൾക്ക് മിനിമം ബേസിക് പേ കണക്കാക്കേണ്ടതാണ്.

**(ബി)** ശമ്പളത്തിലെ മറ്റു കാര്യങ്ങൾ 2023-24 ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ തയ്യാറാക്കിയതുപോലെ നടപടി സ്വീകരിക്കേണ്ടതാണ്. (അനക്സർ III,III-i to III-v എന്നിവ പൂർത്തീകരിച്ച് നൽകേണ്ടതാണ്.)

**(സി)** 02 -വേതനം-1. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പളം, 2. ക്ഷാമബത്ത,3. അലവൻസുകൾ (സി.സി.എ., എച്ച്.റ്റി.എ., വാഷിംഗ് അലവൻസ്, സ്പെഷ്യൽ അലവൻസ്, ഭിന്നശേഷിയുള്ള ജീവനക്കാരുടെ കൺവെയൻസ് അലവൻസ്, ബോണസ്, ഫെസ്റ്റിവൽ അലവൻസുകൾ തുടങ്ങിയ അലവൻസുകൾ 4. കൺസോളിഡേറ്റഡ് പേ (കാഷ്വൽ സ്വീപ്പർമാരുടേയും കോൺട്രാക്ട് ജീവനക്കാരുടേയും ശമ്പളം) 5.ഡെയിലി വേജസ്(അനക്സർ V പൂർത്തീകരിച്ച് നൽകേണ്ടതാണ്. )

I/112612/2023

(ഡി) 04-യാത്രാ ചെലവുകൾ:- 1.യാത്രാബത്ത 2.സ്ഥലംമാറ്റ ബത്ത 3. പി.സി.എ./പി.റ്റി.എ. 4. എൽ.റ്റി.സി. എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.(*അനക്സർ VI പൂർത്തീകരിച്ച് നൽകേണ്ടതാണ്*)

(ഇ) ഓഫീസ് ചെലവുകൾ :- 1. വെള്ളക്കരം. 2. വൈദ്യുത ചെലവുകൾ, 3 ടെലഫോൺ ചെലവ് 4, മറ്റിനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. (അനക്സർ VII-i to അനക്സർ VIII പൂർത്തീകരിച്ച് നൽകേണ്ടതാണ്. )

( എഫ്) 06-വാടക, കരം, നികുതി: ഇക്കാര്യത്തിൽ ഓഫീസ് കെട്ടിട വാടക (കെട്ടിട വാടക നിശ്ചയിച്ച ഓഫീസുകൾ) , കെട്ടിട നികുതി എന്നിവ കണക്കാക്കേണ്ടതാണ് (Supporting Documents ന്റെ പകർപ്പ് ഉൾപ്പെടുത്തേണ്ടതാണ്)

(ജി) 21-മോട്ടോർ വെഹിക്കിൾസ്:-2-വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും (അനക്സർ IX -i പ്രകാരം പ്രൊപ്പോസൽ നൽകേണ്ടതാണ്)

(എച്ച്) 45-POL:- ഇന്ധനത്തിനായി തുക കണക്കാക്കുമ്പോൾ IX-ii -ൽ വിവരം നൽകേണ്ടതാണ്

(ഐ) 34- മറ്റു ചെലവുകൾ: വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ *സംരക്ഷണ ചെലവ് കണക്കാക്കുമ്പോൾ Sanctioned Strength, സംരക്ഷണ ചെലവ്* എന്നിവ നൽകേണ്ടതും ആയത് പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ് (ഇവയുടെ ജി.ഒ. യുടെ പകർപ്പ്, മറ്റു Supporting Documents എന്നിവ ഉള്ളടക്കം ചെയ്യണം)

താഴെ പറയുന്ന അനക്സറുകളിലാണ് എല്ലാ കാര്യാലയങ്ങളും 2023-24 ലെ നോൺ പ്ലാൻ ബജറ്റ് എസ്റ്റിമേറ്റും 2024-25 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റും നൽകേണ്ടത്. ബാധകമല്ലാത്തവ " ഇല്ല" എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1 Annexure I
2 Annexure II
3 Annexure III
4 Annexure III-i to III-v
5 Annexure V
6 Annexure VI
7 Annexure VII-i to VII-iv
8 Annexure VIII
9 Annexure IX-i to IX-iii

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

*പകർപ്പ്*

*എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും*

*വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്*

**Signed by Priyanka G**
**Date: 23-08-2023 07:00:39**